# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4377 - 25/10/2016 - ലെ മറുപടിക്ക്**

**റബ്ബറിന്റെ വിലയിടിവ്**

**ചോദ്യം** | **ഉത്തരം**

**ശ്രീ.പി.ടി.എ .റഹീം**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | റബ്ബറിന്റെ വിലയിടിവ് കാരണം ചെറുകിട കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി വരുന്നു. |
| (ബി) | വില സ്ഥിരതാ ഫണ്ടിലേക്ക് ഈ സർക്കാർ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | 2016-17 സാമ്പത്തിക വർഷത്തിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | റബ്ബർ ബോർഡ് നിശ്ചയിക്കുന്ന വില കർഷകന് ലഭിച്ച വിലയായി കണക്കാക്കി വില സ്ഥിരതാ ഫണ്ടിൽ നിന്നും ബാക്കി സംഖ്യ നൽകുന്ന രീതി കർഷകർക്ക് ദോഷകരമായാണ് വരുന്നതെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | റബ്ബർ ബോർഡ് റബ്ബറിന്റെ വില നിശ്ചയിക്കുന്നില്ല. മറിച്ച്, കോട്ടയം, കൊച്ചി റബ്ബർ മാർക്കറ്റുകളിലെ ദൈനംദിന വിലകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്യുന്നത്. റബ്ബർ വിപണിയെപ്പറ്റി കർഷകർക്കും വ്യാപാരികൾക്കും ഒരു പൊതു അവബോധം ഉണ്ടാക്കുന്നതിനുള്ള ഒരു സൂചിക വില (reference price) മാത്രമാണിത്. റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും വ്യാപാരികൾ കർഷകർക്ക് നൽകുന്ന വിലയും തമ്മിൽ നേരിയ തോതിൽ അന്തരം ഉണ്ടാകാം. റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള ട്രേഡിംഗ് കമ്പനികൾ മുഖേന റബ്ബർ വിൽക്കുന്നത് വഴി കർഷകർക്ക് മെച്ചപ്പെട്ട വില നേടിയെടുക്കാൻ സാധിക്കും. |
| (ഡി) | റബ്ബർ ബോർഡ് അതത് ദിവസം നിശ്ചയിക്കുന്ന വില വിൽപ്പന സമയത്ത് ഏജൻസികളിൽ നിന്നും ലഭിക്കാത്തതിനാൽ വില സ്ഥിരതാ ഫണ്ടിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന തുകയിൽ കുറവു വരുന്നതായ പരാതി പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? | |

*അക്കൗണ്ട്സ് ഓഫീസർ*